പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 762 | 14-10-2026-ൽ മറുപടിയ്ക്ക്

**സ്കോളർഷിപ്പ് വിതരണത്തിലെ കാലതാമസം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും വിവിധ പഠനങ്ങൾക്കായി നൽകിവരുന്ന സ്കോളർഷിപ്പുകൾ മുടങ്ങിക്കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയായിട്ടുള്ള സ്കോളർഷിപ്പ് തുകകൾ സമയബന്ധിതമായി വിതരണം ചെയ്ത് വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** സംസ്ഥാനത്തെ പട്ടികജാതി വിദ്യാർഥികളുടെ പഠനത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സ്കോളർഷിപ്പുകൾ മുടങ്ങുന്ന സാഹചര്യം നിലവിലില്ല. ഓരോ അധ്യയന വർഷവും അപ്രൂവൽ ലഭിക്കുന്ന സ്കോളർഷിപ്പ്ക്ലെയിമുകൾ സമയബന്ധിതമായി വിതരണം ചെയ്തു വരുന്നുണ്ട്. വിവിധ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾക്കായി ഇ-ഗ്രാന്റ്സ് പോർട്ടൽ 2026 ജൂൺ 1 മുതൽ ജൂലൈ 31 വരെ ഓപ്പൺ ചെയ്യുകയും ലഭ്യമായ അപേക്ഷകളിൽ സ്കോളർഷിപ്പ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ അപേക്ഷിക്കുവാൻ കഴിയാതിരുന്ന വിദ്യാർഥികൾക്കായി നിലവിൽ 2026 നവംബർ 30 വരെ വീണ്ടും സൈറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്. സൈറ്റ് മുഖേന ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തുക വിതരണം നടത്തുന്നതിനായി ആവശ്യമായ അലോട്ട്മെന്റ് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും അനുവദിച്ചു നൽകിയിട്ടുണ്ട്. ഇ-ഗ്രാന്റ്സ് മുഖേന അപ്രൂവൽ ലഭിക്കുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ നിലവിൽ കടിശികയില്ലാതെ യഥാസമയം വിതരണം ചെയ്തു വരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മുൻവർഷങ്ങളിൽ ഇ-ഗ്രാന്റ്സ് (e-Grantz) അനുവദിക്കുന്നതിൽ നേരിട്ട ചില സാങ്കേതിക പ്രതിബന്ധങ്ങൾ കാരണം വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടിരുന്നു. എന്നാൽ നിലവിൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെയുള്ള മുഴുവൻ സ്കോളർഷിപ്പ് തുകകളും ഇ-ഗ്രാന്റ്സ്, എസ്.എൻ.എ സ്പർശ്' (sna sparsh) സംവിധാനങ്ങൾ മുഖേന സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്
.

**സെക്ഷൻ ഓഫീസർ**